**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കണ്ണൂർ ജില്ല – 'സമൃദ്ധി 2017' ന് തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 100/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 12/01/2017

---

പരാമർശം:- 1) ശ്രീ. ജയിംസ് മാത്യൂ എം.എൽ.എ യുടെ 30/12/2016 ലെ കത്ത്.
2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**ഉത്തരവ്**

2017 ജനുവരി മാസം 15-ാം തീയതി മുതൽ 25-ാം തീയതി വരെ മാങ്ങാട്ടുപറമ്പിലെ കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ വച്ച് സുസ്ഥിര ജീവനോപാധി സംരംഭങ്ങളുടെ ഒരു പ്രദർശനവും പരിശീലന പരിപാടിയും ആസൂത്രണം ചെയ്തിരിക്കുകയാണെന്നും ഈ പ്രദർശന പരിശീലന അവബോധ പരിപാടിയുടെ നടത്തിപ്പിനായി തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ നഗരസഭകളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി അനുവദിക്കണമെന്നതാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. വടക്കൻ മലബാറിന്റെ സുസ്ഥിര ജീവനോപാധി വികസനം ലക്ഷ്യം വെച്ചുള്ള പദ്ധതിയായ 'സമൃദ്ധി 2017' പ്രദർശന പരിശീലന അവബോധ പരിപാടിയുടെ നടത്തിപ്പിനായി ആന്തൂർ, തളിപ്പറമ്പ് എന്നീ മുനിസിപ്പാലിറ്റികളിൽ നിന്നും രണ്ടു ലക്ഷം രൂപ വീതവും പരിയാരം, കുറുമാത്തൂർ, കുറ്റ്യാട്ടൂർ, മലപ്പട്ടം, മയ്യിൽ, ചപ്പാരപ്പടവ്, കൊളച്ചേരി എന്നീ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്ന് 1,00,000/- (ഒരു ലക്ഷം) രൂപ വീതവും സംഭാവന നൽകുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 'സമൃദ്ധി 2017' സംഘാടക സമിതി കൺവീനർ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Liya
സെക്ഷൻ ഓഫീസർ.

✓പകർപ്പ് : ശ്രീ. ജയിംസ് മാത്യൂ എം.എൽ.എ (തളിപ്പറമ്പ്) യുടെ പി.എ യ്ക്ക്